## പതിനാലാം കേരളം നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3144** | **14.03.2018-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.ഒ.രാജഗോപാൽ**

**ഉത്തരം**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

### കേന്ദ്ര ഫണ്ടിന്റെ വിനിയോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) കേന്ദ്ര വിഹിതം ശരിയായി വിനിയോഗിക്കുന്നതിൽ സംസ്ഥാന സർക്കാർ അലംഭാവം കാട്ടുന്നതായും കേന്ദ്ര ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവഗണിക്കുന്നതായുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) പല കേന്ദ്രാവിഷ്കൃത പദ്ധതികളും പേര് മാറ്റി സംസ്ഥാന സർക്കാരിന്റെ പദ്ധതിയായി അവതരിപ്പിക്കുന്നു എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | | |
| (സി) കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡു ശരിയായ രീതിയിൽ വിനിയോഗിക്കാതിരിക്കുകയോ വകമാറ്റി ചെലവഴിക്കുകയോ ചെയ്യുന്നതിനാലാണ് കേരളത്തിന് അടുത്ത ഗഡുക്കൾ ലഭിക്കാത്തതെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | | |
| (ഡി) കേന്ദ്രസർക്കാർ കേരളത്തെ വികസനത്തിന്റെ കാര്യത്തിൽ അവഗണിക്കുന്നു എന്ന ആക്ഷേപം വസ്തുതാപരമാണോ; വിശദമാക്കുമോ; | | |
| (ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും തരത്തിലുള്ള വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ? | (ഇ) | കേന്ദ്രാവിഷ്കൃഷിത പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്താൻ ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗത്തിൽ ഓരോ വകുപ്പിന്റെയും പദ്ധതി പുരോഗതി |

അവലോകനം നടത്തിവരികയും ചെയ്യാറുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ത്രൈമാസ പുരോഗതി വിലയിരുത്തുന്നുമുണ്ട്. പദ്ധതിയുടെ നടത്തിപ്പുവേളയിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടായാൽ ആയവ മാറ്റുന്നതിനുള്ള നിർദേശങ്ങൾ നൽകാറുമുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡും കേന്ദ്രാവിഷ്കൃഷിത പദ്ധതികളുടെ നടത്തിപ്പ് പുരോഗതി വിലയിരുത്താറുണ്ട്.

**സെക്ഷൻ ഓഫീസർ**